Kudumbashree
State Poverty Eradication Mission
Local Self Govt.Department, Govt.of Kerala

KS/F/6701/2013 23/07/2015

പ്രേക്ഷിത

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

സ്വീകർത്താവ്

ജില്ലാമിഷൻ കോ–ഓർഡിനേറ്റർ
കുടുംബശ്രീ
എല്ലാ ജില്ലകളും (13)

സർ,

വിഷയം:– എൻ.യു.എൽ.എം. – സിറ്റിമിഷൻ മാനേജർ/ഫണ്ട് വിതരണം – സംബന്ധിച്ച്

സൂചന:–1. ഇതേ നമ്പരായ 22/6/15 ലെ നഗരസഭാ സെക്രട്ടറിമാർക്കുള്ള കത്ത്

2. 6701/F/2013/KSHO നമ്പരായ റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച സർക്കുലർ

3. ഈ ഓഫീസിലെ 27/04/2015 ലെ /6630/15/ഇ/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.

എൻ.യു.എൽ.എം. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ബന്ധപ്പെട്ട എല്ലാ നഗരസഭകളിലും സിറ്റി മാനേജർമാരെ ഇതിനോടകം നിയമിച്ചിട്ടുണ്ട്. സൂചന (3) പ്രകാരം മാനേജർമാരെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനായി ബന്ധപ്പെട്ട ഡി.എം.സി.യിൽ ഹാജരാകാൻ നിർദ്ദേശിച്ചിട്ടുണ്ട്. തുടർന്ന് സൂചന (1) പ്രകാരം മാനേജർമാരുടെ ആസ്ഥാനം 'നഗരസഭ' ആയിരിക്കുമെന്ന അറിയിപ്പ് ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇപ്പോഴും ചില ജില്ലകളിൽ മാനേജർമാർ ജില്ലാമിഷൻ കോർഡിനേറ്ററുടെ ഓഫീസുകളിൽ നിന്ന് വിടുതൽ ചെയ്തിട്ടില്ലാത്തതും ടി ഓഫീസിലെ ജോലികൾ ചെയ്തുവരുന്നതായും അറിയുന്നു.

സംസ്ഥാന സർക്കാർ വളരെ പ്രാധാന്യം കൊടുത്തിരിയ്ക്കുന്ന ഒരു പദ്ധതിയാണ് എൻ.യു.എൽ.എം. ആയതു് അടിയന്തിരമായി നഗരസഭകളിൽ നടപ്പി



Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org

ലാക്കി, പദ്ധതിനേട്ടം ജനങ്ങളിൽ എത്തിക്കേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മാനേജർമാരുടെ മുഴുവൻ സമയ സേവനവും നഗരസഭയിൽ അത്യാവശ്യമാണ്. ആയതിനാൽ മാനേജർമാരെ ഇതുവരെ വിടുതൽ ചെയ്തിട്ടില്ലാത്ത എല്ലാ ഡി.എം.സി.മാരും അടിയന്തിരമായി വിടുതൽ ചെയ്ത് വിവരം സംസ്ഥാനമിഷൻ ഓഫീസിൽ അറിയിക്കേണ്ടതാണ്.

സൂചന (2) കത്ത് പ്രകാരം, വിവിധ നഗരസഭകൾക്ക് സാമൂഹ്യസംഘാടനത്തിന്റെ ചെലവിലേയ്ക്കായി ഫണ്ടുകൾ അനുവദിക്കാൻ ഡിഎംസിമാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പല ഡിഎംസിമാരും തുകകൾ കൈമാറിയതായി കാണുന്നില്ല. ടാർഗറ്റുകൾ നിശ്ചയിച്ച്, സമയബന്ധിതമായി നടപ്പിലാക്കേണ്ട ചില പദ്ധതികൾ ഇതുമൂലം നഗരസഭയിൽ മുടങ്ങിയതായി അറിയുന്നു. ആയതിനാൽ അടിയന്തിരമായി ബന്ധപ്പെട്ട എല്ലാ ഡിഎംസിമാരും സൂചന (2) പ്രകാരം നിർദ്ദേശിച്ച തുകകൾ ബന്ധപ്പെട്ട നഗരസഭകൾക്ക് അടിയന്തിരമായി കൈമാറി വിവരം റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

പകർപ്പ്:- നഗരസഭ സെക്രട്ടറി , 14 Nos.

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (എൻയുഎൽഎം)